**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2283** **12-02-2024 - ൽ മറുപടിയ്ക്ക്**

**ജനറിക് മരുന്നുകളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകളുടെ ഉപയോഗം വർദ്ധിച്ച് വരുന്നത് മൂലമുണ്ടാകുന്ന ഭീമമായ ചികിത്സ ചെലവുകൾ കുറയ്ക്കുന്നതിന് ജനറിക് മരുന്നുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ജനറിക് മരുന്നുകൾ മാത്രമാണ് കേരള മെഡിക്കൽ സർവീസസ്സ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത്. ജനറിക് മരുന്നുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ വരുന്ന ആശുപത്രികളിൽ രോഗികൾക്ക് നൽകുന്ന കുറിപ്പടിയിൽ മരുന്നുകളുടെ ജനറിക് പേരുകൾ മാത്രമേ കുറിച്ച് നൽകാവൂ എന്നുള്ള നിർദ്ദേശം ഡോക്ടർമാർക്ക് നൽകിയിട്ടുണ്ട്. ആയത് ഉറപ്പാക്കാനായി ആരോഗ്യ വകുപ്പിന് കീഴിൽ പ്രിസ് ക്രിപ്ഷൻ ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. പ്രിസ് ക്രിപ്ഷൻ ഓഡിറ്റിംഗ് പരിശോധിക്കുന്നതിനായി സ്ഥാപനതല, ജില്ലാതല പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് കമ്മിറ്റികളും ആരോഗ്യ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.<br><br>മുൻ വർഷത്തെ ഉപഭോഗം കണക്കിലെടുത്തും ഓരോ സ്ഥാപനങ്ങളിലെയും ഒ.പി, ഐ.പി കണക്കുകളും സ്പെഷ്യാലിറ്റി സർവീസുകളും കണക്കിലെടുത്തും ആവശ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കാനുതകുന്ന തരത്തിൽ കൃത്യമായ തയ്യാറെടുപ്പോടെ സമയബന്ധിതമായി ഇൻഡന്റ് ഓരോ സ്ഥാപനവും തയ്യാറാക്കി ആയതു ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിച്ച് കെ.എം.എസ്.സി.എൽ വഴി എസ്സൻഷ്യൽ മരുന്നുകളും സ്പെഷ്യാലിറ്റി മരുന്നുകളും വാങ്ങി വിതരണം ചെയ്ത്, എല്ലാ രോഗികൾക്കും ആവശ്യമായ മരുന്നുകൾ ആശുപത്രികളിൽ ഉറപ്പാക്കുന്നു. ജനറിക് മരുന്നുകൾക്ക് ഒരു തരത്തിലും ദൗർലഭ്യം നേരിടാതിരിക്കാനായി ദർഘാസ് വ്യവസ്ഥ പ്രകാരം വാർഷിക ഇൻഡന്റിന്റെ പരമാവധി 25% വരെ അധികം സംഭരിച്ച് ജനറിക് മരുന്നുകളുടെ ലഭ്യത കെ.എം.എസ്.സി.എൽ-ഉം ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ